## 26/10/21 മികവിന് ആദരം

കൊടുങ്ങല്ലൂർ കെ കെ ടി എം ഗവൺമെന്റ് കോളേജിലെ മലയാളം ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 26/10/21ൽ നടന്ന 'മികവുകൾക്കനുമോദനം' എന്ന പരിപാടിയിൽ കഴിഞ്ഞ അധ്യയന വർഷം മികവുതെളിയിച്ച വിദ്യാർഥികളെ അനുമോദിച്ചു.




രാവിലെ 10മണിക്ക് ആരംഭിച്ച ചടങ്ങിൽ മലയാള അധ്യാപകൻ Dr മുഹമ്മദ് ബഷീർ സ്വാഗതം അർപ്പിച്ച് സംസാരിച്ചു.മലയാളം വകുപ്പ് അധ്യക്ഷ Dr.ജി.ഉഷാകുമാരി അധ്യക്ഷപദം അലങ്കരിച്ചു.ചടങ്ങിന് ഉദ്ഘാടനം നിർവ്വഹിച്ചു കൊണ്ട് കോളേജ് പ്രിൻസിപ്പൽ Dr.നെസ്സി സംസാരിച്ചു.ശേഷം യു.ജി പരീക്ഷയിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ ജിഷക്കും പത്താം റാങ്ക് നേടിയ സ്നേഹക്കും എം എൻ വിജയൻ പുരസ്കാരം ലഭിച്ച അലീനക്കും പ്രിൻസിപ്പാൾ Dr. നെസ്സി ഉപഹാരം നൽകി ആദരിച്ചു.
Maths വിഭാഗം HOD Dr.സതി,Dr.മുരളി,Dr പ്രവാസ് തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.
ജേതാക്കളായ ജിഷ, സ്നേഹ,അലീന എന്നിവരുടെ മറുപടി പ്രസംഗം അധ്യാപകർക്കുള്ള ആത്മാർത്ഥമായ നന്ദി പ്രകടനമായി.ശേഷം മലയാളവിഭാഗം അധ്യാപകനായ ശ്രീ യാക്കോബ് തോമസ് കൃതജ്ഞത അറിയിച്ചതോടെ യോഗം 11ന് അവസാനിച്ചു.

കോവിഡ് പ്രോട്ടോകോൾ പൂർണ്ണമായും പാലിച്ചു നടത്തിയ പരിപാടിയിൽ സന്നിഹിതരാകാൻ കഴിയാത്തവർക്കായി പരിപാടിയുടെ തൽസമയ സംപ്രേക്ഷണം ഗൂഗിൾ മീറ്റ് വഴി നടത്തുകയും ചെയ്തു.